**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 161**

**28.01.2019 ൽ മറുപടിക്ക്**

# സൈബർ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിൽ എത്ര സൈബർ പോലീസ് സ്റ്റേഷനുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ; | എ) സംസ്ഥാനത്ത് തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. കൂടാതെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ കൂടി തുടങ്ങാൻ 17.04.2018 തീയതിയിലെ സ.ഉ. (കൈ) നം. 68/2018/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br>ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 പ്രകാരമാണ് സൈബർ പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. ഓൺലൈൻ മുഖേനയുള്ള തട്ടിപ്പുകൾ, സോഷ്യൽ മീഡിയകൾ വഴിയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങൾ തുടങ്ങിയ പരാതികളിന്മേൽ അന്വേഷണം നടത്തി ക്രൈം കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടു വരുന്നു. |
| ബി) സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും സൈബർ ക്രൈം വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | ബി) സംസ്ഥാനത്തെ എല്ലാ ലോ & ഓർഡർ പോലീസ് സ്റ്റേഷനുകളിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ എത്ര സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത സൈബർ കേസുകൾ താഴെ പറയുന്നു.<br>2016 – 308 കേസുകൾ<br>2017 – 342 കേസുകൾ<br>2018 – 465 കേസുകൾ |

സെക്ഷൻ ഓഫീസർ